മിച്ചഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

48 (3129)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഭൂരഹിതരായ അപേക്ഷകർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അർഹരായ മുഴുവൻ പേർക്കും ഭൂമി വിതരണം ചെയ്യാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ജില്ലാ താലൂക്ക് തലത്തിൽ ജനപ്രതിനിധികളുടക്കമുള്ളവരെ ഉൾപ്പെടുത്തി മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) വിതരണത്തിന് ലഭ്യമായ മിച്ചഭൂമി മുഴുവൻ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതാണ്. 29.2.2000 വരെയുള്ള കാലയളവിൽ 2000-ത്തിൽപരം ഏക്കർ മിച്ചഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിതരണം ചെയ്തിട്ടുണ്ട്. മിച്ചഭൂമി വിതരണം ഇനിയും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പൊതു ആവശ്യത്തിന് നീക്കിവച്ചിട്ടുള്ളതും ഉപയോഗിക്കാതെ ബാക്കി കിടക്കുന്നതുമായ മിച്ചഭൂമിയിൽ വിതരണ യോഗ്യമായത് പരിശോധിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശവും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) ഭൂരഹിതരുടെ അപേക്ഷകൾ എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. സാധാരണഗതിയിൽ മിച്ചഭൂമി വിതരണം നോട്ടിഫൈ ചെയ്യുമ്പോഴാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. അതിൽ അർഹരായവർക്ക് ഭൂമി നൽകിയിട്ട് അനർഹരുടെ അപേക്ഷ തള്ളുകയാണ് പതിവ്.

(സി) മിച്ചഭൂമിയുടെ ലഭ്യതയനുസരിച്ച് അർഹരായ മുഴുവൻപേർക്കും മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള സമയബന്ധിത നടപടി ഇപ്പോൾ തന്നെ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മിച്ചഭൂമി വിതരണത്തിൽ ജില്ലാ കളക്ടറും ജനപ്രതിനിധികളുമടങ്ങുന്ന കമ്മിറ്റികൾ ഇപ്പോൾതന്നെ പ്രവർത്തിച്ചുവരുന്നുണ്ട്.

സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾ

49 (3132)ശ്രീ. പി. രാജു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly